1. ശംഖുമുഖം	-	157 ലക്ഷം രൂപ
2. ചെറായി	-	100 ലക്ഷം രൂപ
3. നാട്ടിക	-	103.5 ലക്ഷം രൂപ
4. മുഴുപ്പിലങ്ങാട്	-	245 ലക്ഷം രൂപ
5. പയ്യാമ്പലം	-	103 ലക്ഷം രൂപ
6. മീൻകുന്ന്	-	89.5 ലക്ഷം രൂപ

അബ്രാഹ്മണ പൂജാരികൾ

94(1577) ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ അബ്രാഹ്മണരെ പൂജാരികളായി നിയമിക്കരുതെന്ന ചില സംഘടനകളുടെ നിലപാട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) സർക്കാരിന് ഇത് സംബന്ധിച്ച് യാതൊരു വിവരവും ലഭിച്ചിട്ടില്ല.

പാപനാശം കടപ്പുറത്തെ മാലിന്യ കൂമ്പാരം ഇല്ലാതാക്കാൻ നടപടി

95(1579) ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല പാപനാശം കടപ്പുറത്തേയ്ക്കുള്ള വഴിയുടെ ഓരത്തുള്ള മാലിന്യ കൂമ്പാരങ്ങൾ വിദേശ വിനോദ സഞ്ചാരികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാപനാശത്തെ നടപ്പാതകൾ പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നതുമൂലം അപകടസാദ്ധ്യത വർദ്ധിച്ചിട്ടുണ്ടോ;

(സി) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിൽ പ്രമുഖസ്ഥാനം കൈവരിച്ചിട്ടുള്ള വർക്കലയിലെ മാലിന്യകൂമ്പാരങ്ങൾ നീക്കി പരിസ്ഥിതി മലിനീകരണ ഭീതി ഒഴിവാക്കുവാനും നടപ്പാതകൾ നന്നാക്കുവാനും മലമൂത്ര വിസർജ്ജനത്തിന് സൗകര്യമുണ്ടാക്കുവാനും നടപടിയെടുക്കുമോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly